മിസ്റ്റർ പി. കെ. പോൾ: ഇതിൽ ര ഇനത്തിനും ഒന്നുംതന്നെ വരവുണ്ടായില്ലാ യെന്നു പറയുന്നുണ്ട്. ഒന്നും കിട്ടിയില്ലായെന്നാണോ പറയുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വരവുണ്ടായിട്ടില്ലായെന്നു പറഞ്ഞതിൽ, ഒന്നു മധുര നാരങ്ങയാണു്. അതു പരീക്ഷാത്ഥ്മാണു് അവിടെ തുടങ്ങിയതു്. ഒന്നും കിട്ടിയില്ലായെന്നുള്ളതിന്റെ അത്ഥം ഒന്നും ഉണ്ടായില്ലായെന്നാണു്. (ചിരി).

WATER PIPE-LINE TO ERIYAD-AZHIKODE, ETC.

390. മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

എറിയാട്-അഴീക്കോടു് എന്നീ വില്ലേജുകളിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിനു ഗവൺമെണ്ടു് വല്ല പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം?

റാവുസാഹിബ് കെ. അയ്യപ്പൻ:

ഇല്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: അവിടെ നല്ലവെള്ളം കൊടുക്കണമോ യെന്നാണോ, ഗവൺമെണ്ടിന്റെ ഉദ്ദേശം?

റാവു സാഹിബ് കെ. അയ്യപ്പൻ: കൊടുക്കണമോ എന്നുള്ള ഉദ്ദേശമില്ല. പക്ഷെ, അതിനേക്കാൾ അത്യാവശ്യമായ സ്ഥലങ്ങളിൽ കൊടുത്തതിനുശേഷം, അവിടത്തെ കാര്യത്തെപ്പറ്റി ആലോചിയ്ക്കാം. വൈപ്പിൻ കരയിലും മറ്റും വെള്ളംകിട്ടാൻ വളരെ ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടു് ഇപ്പോൾ അത്യാവശ്യമായിട്ടുള്ളതു് അവിടത്തെ കാര്യമാണു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: വൈയ്പിൻ കരയെപ്പോലെതന്നെ വെള്ളം കിട്ടാൻ വളരെ ബുദ്ധിമുട്ടുള്ള സ്ഥലമാണു് എന്നു ഗവൺമെണ്ടിനറിയാമോ?

റാവു സാഹിബ് കെ. അയ്യപ്പൻ: അവിടെ പൈപ്പു ലയിൻ കൊണ്ടുവരാൻ വളരെ വിഷമമുണ്ടു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: വൈപ്പിൻ കരയിലെ പോലെതന്നെ വെള്ളം കിട്ടാൻ തീരെ സൌകര്യമില്ലാത്ത സ്ഥലമാണു് എറിയാടു് എന്നുള്ളതു് ഗവൺമെണ്ടിനറിയാമോ?

റാവു സാഹിബ് കെ. അയ്യപ്പൻ: അവിടെയും വെള്ളത്തിനു വിഷമമുണ്ടെന്നു അറിയാം. പക്ഷേ, ആലുവാ വെള്ളം അങ്ങോട്ടു കൊണ്ടുപോകുന്നതിനു വിഷമമുണ്ടു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ആലുവാ വെള്ളം വേണമെന്നില്ല. ശുദ്ധജലം കുടിക്കാൻ കിട്ടിയാൽമതി.

റാവു സാഹിബ് കെ. അയ്യപ്പൻ: അതിനു് ബോറിങ്ങുചെയ്തു നല്ല വെള്ളം കിട്ടാൻ വഴിയുണ്ടോ എന്നു നോക്കണം.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: അക്കാര്യത്തിൽ എനിക്കൊന്നു തോന്നുന്നുണ്ടു്. അക്കാര്യത്തിൽ അതിൻവണ്ണം ചെയ്താൽ നന്നായിരിക്കുമെന്നു തോന്നുന്നു. അതായതു്, എറിയാടു് ഒരു കുളമുണ്ടു്. ഇപ്പോൾ മാനാഞ്ചിറയിൽനിന്നു വെള്ളമെടുക്കുന്നതുപോലെ ആ കുളത്തിൽ നിന്നു വെള്ളമെടുത്തു സപ്ലൈ ചെയ്താൽ അവിടെയുള്ളവർക്കു കുറച്ചൊരാശ്വാസമുണ്ടാകും. അങ്ങിനെ ചെയ്യാൻ ദയവുണ്ടാകുമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അഴീക്കോടു പാലത്തിന്റെ പടിഞ്ഞാറെ ഭാഗത്തുകിണറോ, കുളമോ കുഴിച്ചാൽ നല്ലവെള്ളം കിട്ടുകയില്ലേ?

റാവു സാഹിബ് കെ. അയ്യപ്പൻ: ഗവൺമെണ്ടിനു അതിനെപ്പറ്റി നിശ്ചയമില്ല.

LABOUR UNIONS—REGISTRATION OF

391. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) കൊച്ചിയിലെ ലേബർ യൂണിയനുകൾ രജിസ്ട്രേഷനു് അപേക്ഷിച്ചാൽ അവക്കു് രജിസ്ട്രേഷൻ സർട്ടിഫിക്കറു നൽകാൻ വളരെ താമസം നേരിടുന്നുവെന്നുള്ള വസ്തുത ഗവൺമെണ്ടിനറിയാമോ;

[Choudhuri G. S. Dhara Singh]

(ബി) എതെങ്കിലും ഒരു ലേബർ യൂണിയനു സർട്ടിഫിക്കറു കൊടുക്കുവാൻ ഏറവും കൂടുതൽ സമയം എത്രയായിട്ടുണ്ടെന്നു ഗവണ്മെണ്ടിനു പറയുവാൻ സാധിക്കുമോ;

(സി) പള്ളുരുത്തി കല്ലുക ഓയിൽമിൽ ലേബർ യൂണിയൻ എന്നാണു രജിസ്ട്രേഷൻ കിട്ടാൻ അപേക്ഷിച്ചതു; ഇതുവരേക്കും രജിസ്ട്രേഷൻ സർട്ടിഫിക്കറു നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) വളരെ താമസം നേരിടാറില്ല.

(ബി) സാധിക്കും. ആറുമാസം ഇരുപത്തിമൂന്നു ദിവസം.

(സി) ഫൻ—നു— ഫൻ ര ഉ—ൽ ഇല്ല. ട്രെയിഡ് യൂണിയൻ നിയമം അനുസരിച്ചു രജിസ്റ്റർ ചെയ്യുന്നതിനു അപേക്ഷയോടുകൂടിയുള്ള നിയമാവലിയിൽ ചില ഭേദഗതികൾ വരുത്തികിട്ടേണ്ടതു് ഇതുവരേയും കിട്ടാഞ്ഞതുകൊണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ മാസത്തെ താമസം, ഒരു താമസമല്ലെന്നാണോ, ഗവണ്മെണ്ടു പറയുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു വളരെ താമസമല്ലായെന്നാണു പറയുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: നിയമാവലിയിൽ ചില ഭേദഗതികൾ വരുത്തി കിട്ടാത്തതുകൊണ്ടാണു് ഈ താമസം നേരിട്ടതു എന്നു പറയുന്നു. ഇവിടത്തെ ട്രേഡുയൂണിയൻ അതുനുസരിച്ചു ശരിയായി നിയമാവലി എഴുതി ഉണ്ടാക്കാനുള്ള സഹായം ഗവണ്മെണ്ടിൽ നിന്നു ചെയ്തു കൊടുത്താൽ ഈ കാലതാമസം കൂടാതെ കഴിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തൊഴിലാളി യൂണിയനുകൾക്കു് ഒരു ഡ്രാഫ്റ്റിംഗ് അസിസ്റ്റൻറ് കൊടുക്കണമെന്നാണു് പറയുന്നതെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ പി. കെ. ഡീവർ: മോഡൽ നിയമങ്ങൾ ഗവണ്മെൻറു ഉണ്ടാക്കി പ്രസിദ്ധപ്പെടുത്താൻ ആലോചിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആലോചിക്കാം.

DELIVERY OF LETTERS

392. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സഭയിൽ മറുപടി പറയുമോ.—

(എ) കക്ഷികൾ വിലാസം ശരിയായി എഴുതാതെയുള്ള കത്തുകൾ അഞ്ചൽ ശിപായിമാർ മടക്കുമ്പോൾ അവരെ ആ കുറ്റത്തിനു ശിക്ഷിക്കാറുണ്ടോ;

(ബി) ഉണ്ടെന്നുവരികിൽ എന്തു ശിക്ഷയാണു;

(സി) ഏതാണു ശിക്ഷ നൽകാറുള്ളതു;

(ഡി) മേൽവിലാസം എപ്പോഴും വിശദമായിരിക്കണമെന്നു വല്ല നിയമവുമുണ്ടോ;

(ഇ) ഉണ്ടെന്നുവരികിൽ ആയതിൻറെ ഒരു കോപ്പി മേശപ്പുറത്തു വെക്കാമോ?

റാവുസാഹിബു് കെ. അയ്യപ്പൻ:

(എ) ഇല്ല.

(ബി & സി) ഉത്തരം ആവശ്യമില്ല.

(ഡി) ഉണ്ടു്. അഞ്ചൽ ഗയിഡ് പുസ്തകം നോക്കുക.

(ഇ) അതിൻറെ ഒരു കോപ്പി മേശപ്പുറത്തു വെച്ചിട്ടുണ്ടു്.

MEMORANDUM FROM THE COIR WORKERS' UNION

393. ചൌധരി ജി. എസ്സു്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) കൊച്ചിയിലെ കയർ തൊഴിലാളി യൂണിയൻറെ വല്ല മെമ്മോറാണ്ടവും ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെണ്ടു് അതിനെക്കുറിച്ചു് എന്തുചെയ്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly